(സി) വിവിധ സ്ഥലങ്ങളിലായി തൊഴിൽ പ്രശ്നങ്ങൾ ഉണ്ടായതിനാൽ കരാർ ജോലികൾ തുടരാൻ സാധിക്കാത്ത ഒരു അവസ്ഥ ഉണ്ടായി. എന്നാൽ യൂണിയനുകളുമായി ചർച്ചകൾ നടത്തി ഇപ്പോൾ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. മഴ മാറിയാലുടൻതന്നെ ബാക്കി കരാർ ജോലികൾ പൂർത്തിയാക്കാമെന്ന് കോൺട്രാക്ടർ ഉറപ്പ് നൽകിയിട്ടുണ്ട്.

**കടിയങ്ങാട് പാലം നിർമ്മാണം**

**240 (5325)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിയങ്ങാട് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കടിയങ്ങാട് പാലം നിർമ്മിക്കുന്നതിന് 14-8-2009-ലെ സ.ഉ.(സാധാ) നമ്പർ 1185/09/പൊ.മ.വ. പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതിയും 9-12-2014-ലെ 95/CE/R/2014-15/95 നമ്പർ നടപടിക്രമങ്ങൾ പ്രകാരം 495.60 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി-ഡി) 28-1-2015-ന് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ സ്വീകരിച്ച് 9% അധിക നിരക്കിൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം 23-6-2015-ൽ ചേർന്ന സെക്രട്ടറിമാരുടെ കമ്മിറ്റി അംഗീകരിച്ചു. 21-7-2015-ലെ സ.ഉ.(സാധാ) നമ്പർ 1039/15/പൊ.മ.വ. പ്രകാരം ടെണ്ടർ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പാലം നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയും.

**കുന്ദംകുളം ഠൗണിൽ ഫ്ലൈ ഓവർ**

**241 (5326)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം ഠൗണിലാണ് ഏറ്റവും കൂടുതൽ ഗതാഗത തിരക്കും ട്രാഫിക് ജാമും അനുഭവപ്പെടുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly